**"CORRUPTION, A CRIME AGAINST NATION"**

വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ
തിരുവനന്തപുരം. 695033
E-mail:vig.vacb@kerala.gov.in
ഫോൺ നം. 0471-2305393
തീയതി. 29.05.2025

## പാലക്കാട് അയിരൂർ സർവ്വീസ് സഹകരണ ബാങ്കിൽ വിജിലൻസിന്റെ മിന്നൽ പരിശോധന.

പാലക്കാട് ജില്ലയിലെ മണ്ണാർക്കാട് അരിയൂർ സർവീസ് സഹകരണ ബാങ്കിൽ സ്ഥിര നിക്ഷേപമായി നിക്ഷേപിച്ച തുകകൾ പിൻവലിക്കാൻ സാധിക്കുന്നില്ലായെന്നും, ബാങ്കിൽ നിന്നും ലോൺ അനുവദിച്ച ശേഷം കൃത്യമായി തിരിച്ചടവ് പരിച്ചെടുക്കുന്നില്ലായെന്നു ഇത് കാരണം ബാങ്ക് നഷ്ടത്തിലാവുന്നു എന്നും കാണിച്ച് വിജിലൻസിന് പരാതി ലഭിച്ചിരുന്നു. ഈ പരാതി പരിശോധിക്കുന്നതിനായി വിജിലൻസ് അരിയൂർ സർവീസ് സഹകരണ ബാങ്കിലും ഈ ബാങ്കിന്റെ ആര്യമ്പാവ് ബ്രാഞ്ചിലും (29.05.2025) മിന്നൽ പരിശോധന നടത്തി. രാവിലെ 11.00 മണിക്ക് ആരംഭിച്ച മിന്നൽ പരിശോധന വൈകിട്ട് 3 മണിക്ക് അവസാനിച്ചു. വിജിലൻസ് പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകളിൽ വിശദ പരിശോധന നടത്തി വരുന്നു.

## കണ്ണൂർ ഡെപ്യൂട്ടി കളക്ടർ ഓഫീസിൽ വിജിലൻസിന്റെ മിന്നൽ പരിശോധന.

ഭൂമി തരംമാറ്റൽ ചുമതലയുള്ള കണ്ണൂർ റവന്യൂ റിക്കവറി ഡെപ്യൂട്ടി കളക്ടർ തരംമാറ്റലിനായി ലഭിക്കുന്ന അപേക്ഷകളിൽ തീർപ്പ് കൽപ്പിക്കാതെ അനിശ്ചിത കാലത്തേക്ക് കൈവശം വയ്ക്കുന്നു എന്ന് വിജിലൻസിന് വിവരം ലഭിച്ചിരുന്നു. ഈ ആരോപണം പരിശോധിക്കുന്നതിനായി വിജിലൻസ് ഇന്ന് (29.05.2025) കണ്ണൂർ റവന്യൂ റിക്കവറി ഡെപ്യൂട്ടി കളക്ടർ ഓഫീസിൽ ഒരു മിന്നൽ പരിശോധന നടത്തി. രാവിലെ 10.30 മണിക്ക് ആരംഭിച്ച മിന്നൽ പരിശോധന ഉച്ചക്ക് 1 മണിക്ക് അവസാനിച്ചു. മിന്നൽ പരിശോധനയിൽ ഭൂമി തരം മാറ്റലുമായി ബന്ധപ്പെട്ട് 500 ൽ പരം ഫയൽ തീർപ്പ് കൽപ്പിക്കാതെ സൂക്ഷിച്ചിരിക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്. ക്രമക്കേടുകളെ സംബന്ധിച്ച് വിശദ പരിശോധന തുടരുന്നു.

പൊതുജനങ്ങളുടെ ശ്രദ്ധയിൽ അഴിമതി സംബന്ധിച്ച വിവരങ്ങൾ ലഭിക്കുകയാണെങ്കിൽ വിജിലൻസിന്റെടോൾ ഫ്രീ നമ്പരായ 1064 എന്ന നമ്പരിലോ 8592900900 എന്ന നമ്പരിലോ വാട്ട്സ്ആപ്പ് നമ്പരായ 9447789100 എന്ന നമ്പരിലോ അറിയിക്കണമെന്ന് വിജിലൻസ് ഡയറക്ടർ ശ്രീ. മനോജ് എബ്രഹാം ഐ.പി.എസ് അഭ്യർത്ഥിച്ചു.